# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (i/c) നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. ഗീത. എ)*

എൽ.ആർ.എൻ1/300/2018 തീയതി 27-10-2018

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം -തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 20-10-2018-ലെ എൽ.ആർ.(എൻ.1) 300/2016 നമ്പർ നടപടിക്രമം
2) കൊല്ലം ജില്ലാ കളക്ടറുടെ 27-10-2018 ലെ ഡി.സി.കെ. എൽഎം/175/2018/ഇ.4-നമ്പർ ഫോൺ സന്ദേശം
3) ആലപ്പുഴ ജില്ലാ കളക്ടറുടെ 27-10-2018 ലെ എ3/101/2018 നം.കത്ത്
4) കോട്ടയം ജില്ലാ കളക്ടറുടെ 27-10-2018 ലെ ഫോൺ സന്ദേശം
5) കോഴിക്കോട് ജില്ലാ കളക്ടറുടെ 27-10-2018 ലെ ഫോൺ സന്ദേശം
6) കണ്ണൂർ ജില്ലാ കളക്ടറുടെ 27-09-2018 - ലെ ഡി.സി. കെ..എൻ.ആർ 3388/2018-എ5- നമ്പർ കത്ത്.
7) കാസർഗോഡ് ജില്ലാ കളക്ടറുടെ 27-10-2018 ലെ ഫോൺ സന്ദേശം.

സൂചന (1) നടപടിക്രമം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 01-11-2018 മുതൽ 30-11-2018 വരെ നടത്തുന്ന ചെയിൻ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനും പകരം ജീവനക്കാരെ നിയോഗിക്കുന്നതിനും സൂചന (2) മുതൽ (7) വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിച്ചിരുന്നു.

ജില്ലാ കളക്ടർമാരുടെ ശുപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ, തിരുവനന്തപുരം കേന്ദ്രത്തിലെ 2,3,14,18 എന്നീ ക്രമ നമ്പരിൽപ്പെട്ട ജീവനക്കാരെയും തൃശ്ശൂർ കേന്ദ്രത്തിൽ കമ നമ്പർ-13 ആയി നിയോഗിച്ച ശ്രീമതി നിഷ വി.എം., എന്നവരെയും പരിശീലനം പരിത്യജിച്ചതിനാൽ ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നും താല്ക്കാലികമായി ഒഴിവാക്കി ഉത്തരവാകുന്നു.

കാസർഗോഡ് ജില്ലയിൽ നിന്നും ക്രമ നമ്പർ 23 ആയി തൃശ്ശൂർ കേന്ദ്രത്തിൽ നിയോഗിച്ച ശ്രീ.അരുൺകുമാർ റ്റി.വി യെ ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശീല നാർത്ഥിയുടെ സൗകര്യാർത്ഥം തിരുവനന്തപുരം കേന്ദ്രത്തിലേക്ക് മാറ്റി നിയോഗിക്കുന്നു.

തിരുവനന്തപുരം/തൃശ്ശൂർ പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികളുടെ പട്ടികയിൽ താഴെ പറയും പ്രകാരം ജീവനക്കാരെ കൂട്ടിച്ചേർത്തും ചെയിൻ സർവ്വെ പരിശീലന പട്ടിക പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നം. 12, 13 എന്നിവയിൽപ്പെട്ട പരിശീലനാർത്ഥികളുടെ പേര് യഥാക്രമം ശാരിക മോഹൻ, പത്മകുമാർ. ഡി - എന്ന് തിരുത്തി വായിക്കേണ്ടതാണ്.

## തിരുവനന്തപുരം

| ക്രമ നം. | റിലിങ്ക്വിഷ് ചെയ്തവർ/ഒഴിവാക്കപ്പെട്ടവർ | 20-10-2018 ലെ എൽ.ആർ. എൻ1/300/18 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | സതീകുമാർ. എസ്. | 2 | ചിഞ്ചു ചന്ദ്രൻ | ക്ലർക്ക്/വി.എ | തിരുവനന്തപുരം |
| 2 | ഗോപകുമാരൻ നായർ എം. | 3 | നീതു ജി. എസ്. | ക്ലർക്ക്/വി.എ | കൊല്ലം |
| 3 | സുദർശന ബാബു | 6 | അശ്വിനി കുമാർ. എസ്. | ക്ലർക്ക്/വി.എ | കൊല്ലം |
| 4 | ഗീതാകുമാരി. | 7 | ഹനീഫ് കോയ | ക്ലർക്ക്/വി.എ | ആലപ്പുഴ |
| 5 | ഷൈനി. എസ്. | 14 | ദീപ വിശ്വനാഥ് | ക്ലർക്ക്/വി.എ | ആലപ്പുഴ |
| 6 | ദീപ ജോർജ്ജ് | 18 | -ഇല്ല- | -ഇല്ല- | -ഇല്ല- |

## തൃശ്ശൂർ

| ക്രമ നം. | റിലിങ്ക്വിഷ് ചെയ്തവർ/ഒഴിവാക്കപ്പെട്ടവർ | 20-10-2018 ലെ എൽ.ആർ. എൻ1/300/18 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | നിഷ. വി. എം. | 13 | റജീബ്. കെ | ക്ലർക്ക്/വി.എ | പാലക്കാട് |
| | | | അരുൺകുമാർ. കെ.പി. | വി.എ./ക്ലർക്ക് | കോഴിക്കോട് |
| 2 | അരുൺകുമാർ. റ്റി.വി. | 23 | തിരുവനന്തപുരം പരിശീലന കേന്ദ്രത്തിലേയ്ക്ക് മാറ്റി നിയമിച്ചിരിക്കുന്നു. | | |

റിലിങ്ക്വിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ **02-11-2018**-ാം തീയതി രാവിലെ 10- മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം/അസിസ്റ്റന്റ് സർവ്വെ ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്.

ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരവും പരിശീലനം സ്വമേധയ പരിത്യജിച്ച ജീവനക്കാരുടെ വിവരവും ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

**മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ** പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ജോയിന്റ് കമ്മീഷണർ (i/c)**

കക്ഷികൾക്ക്

(ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം.
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
5. ബന്ധപ്പെട്ട ജില്ലാ കളക്ടർ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/പാലക്കാട്/ കോഴിക്കോട്
6. ഐ.ടി. സെൽ
7. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്